"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വെ 295/1-ൽ ഉൾപ്പെട്ട ബി.റ്റി.ആർ പ്രകാരം ' കാവ് പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിലെ നിലവിലെ കൈവശക്കാരായ ശ്രീമതി.ഷാജിത ബീവി, ശ്രീമതി.ബീമജാൻ, ശ്രീമതി. സബീന.റ്റി എന്നിവർക്ക് ഭൂമിയുടെ ഇനം തരിശാക്കി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.90/2026/RD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 18.09.2025, 17.01.2026 എന്നീ തീയതികളിലെ DCTVM/5651/2024-B3 നമ്പർ കത്ത്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 28.01.2026ലെ LR/ 9878/2025-PM-2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വെ 295/1-ൽ ഉൾപ്പെട്ട ഭൂമി പതിച്ച് ലഭിക്കുന്നതിനായി ശ്രീമതി ഷാജിത ബീവി, ശ്രീമതി ബീമജാൻ, ശ്രീമതി. സബീന.റ്റി എന്നിവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത ഭൂമി ബി.റ്റി.ആർ പ്രകാരം 'കാവ് പുറമ്പോക്ക്' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും പ്രസ്തുത ഭൂമിയിൽ 3 കുടുംബങ്ങൾ വീട് വച്ച് താമസിച്ചുവരുന്നെന്നും അപേക്ഷകർക്ക് ടി ഭൂമി പാരമ്പര്യമായി കൈമാറി കിട്ടിയതും ടിയാളുകൾക്ക് മറ്റ് ഭൂമി ഇല്ലായെന്നും അപേക്ഷകരുടെ തൊഴിൽ കൂലിപ്പണിയാണെന്നും വാർഷികവരുമാനം 1 ലക്ഷം രൂപയിൽ താഴെയാണെന്നും ആയതിനാൽ അപേക്ഷകർ സൗജന്യപതിവിനർഹരാണെന്നും പ്രസ്തുത ഭൂമി സംരക്ഷിത കാവുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടുവരുന്നില്ലായെന്നും സ്ഥല പരിശോധന നടത്തിയതിൽ കാവുകൾ കാണാൻ കഴിഞ്ഞിട്ടില്ലായെന്നും സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഓഫീസർ കത്ത് മുഖേന അറിയിച്ചിട്ടുള്ളതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി 3 അപേക്ഷകളിലും 12 (1) നോട്ടീസുകൾ പരസ്യപ്പെടുത്തിയിട്ടുള്ളതും പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭിച്ചിട്ടുള്ളതും 30.04.2025 ലെ താലൂക്ക് ലാൻഡ് അസൈൻമെന്റ് കമ്മിറ്റി അംഗീകാരം ലഭ്യമായിട്ടുള്ളതുമാണ്. ആയതിനാൽ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വെ 295/1-ൽ ഉൾപ്പെട്ട കാവ് പുറമ്പോക്ക്' എന്ന് ബി.റ്റി.ആർ-ൽ രേഖപ്പെടുത്തിയ ഭൂമി നിലവിലെ

അപേക്ഷകരായ ശ്രീമതി ഷാജിത ബീവി, ശ്രീമതി ബീമജാൻ, ശ്രീമതി. സബീന.റ്റി എന്നിവർക്ക് ഇനം മാറ്റി തരിശാക്കി പതിച്ചു നൽകുന്നതിനായി സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നാണ് പരാമർശം (1&2) പ്രകാരം ജില്ലാ കളക്ടറും ലാൻറ് റവന്യൂ കമ്മീഷണറും ആവശ്യപ്പെട്ടിരിക്കുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെയും ലാൻറ് റവന്യൂ കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ കുളത്തുമ്മൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീസർവ്വെ 295/1-ൽ ഉൾപ്പെട്ടതും 'കാവ് പുറമ്പോക്ക്" എന്ന് ബി.റ്റി.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂമി നിലവിലെ കൈവശക്കാരായ ശ്രീമതി ഷാജിത ബീവി, ശ്രീമതി ബീമജാൻ, ശ്രീമതി. സബീന.റ്റി എന്നിവർക്ക് പ്രസ്തുത ഭൂമിയുടെ ഇനം മാറ്റി തരിശാക്കി മാറ്റി അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ചു നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) തിരുവനന്തപുരം ജില്ലാ കളക്ടർ ഇതു സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത എ ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
പബ്ളിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 23-02-2026 14:42:21
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്